(ബി) ഇക്കാലത്ത് എത്ര ടാക്സികൾ മോഷണം പോയിട്ടുണ്ട് ;

(സി) ടാക്സി ഡ്രൈവർമാർ കൊല്ലപ്പെട്ടതും ടാക്സികൾ തട്ടിയെടുത്തതുമായ എത്ര കേസുകളിൽ പ്രതികളെ കണ്ടെത്താനായിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങളിലെ ടാക്സികൾ അന്യ സംസ്ഥാനത്തേയ്ക്ക് ഓടാൻ പോകുമ്പോൾ ടാക്സി ഉപയോഗിക്കുന്നവർ അതതു പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ കൈവിരലടയാളം രേഖപ്പെടുത്തണമെന്ന വ്യവസ്ഥ കൊണ്ടു വരാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒമ്പത് ടാക്സി ഡ്രൈവർമാർ കൊല്ലപ്പെട്ടിട്ടുണ്ട്.

(ബി) 226 ടാക്സികൾ

(സി) 18 കേസുകളിൽ

(ഡി) ആയതിന്റെ നിയമപരമായ വശങ്ങളും, പ്രായോഗികതയും പരിശോധിച്ചതിന് ശേഷമേ ഇതിൻമേൽ ഒരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

വാഹന മോഷണ സംഘങ്ങളെ ഇല്ലാതാക്കുന്നതിന് നടപടി

96 (105) ശ്രീ. എം.ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന അന്തർ സംസ്ഥാന മോഷണ സംഘങ്ങളെ ഇല്ലാതാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(സി) കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ വാഹനമോഷണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വാഹനങ്ങൾ പരിശോധിക്കുകയും, അയൽ സംസ്ഥാനങ്ങളിലെ പോലീസ് ഉദ്യോഗസ്ഥരുമായി ഇടയ്ക്കിടെ ബന്ധപ്പെട്ട് കുറ്റവാളികളെ സംബന്ധിച്ച് ആശയവിനിമയം നടത്തുകയും, കുറ്റനിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ അന്തർ സംസ്ഥാന ബന്ധമുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ആവശ്യമെന്ന് കണ്ടാൽ പ്രത്യേകം പോലീസ് ടീമിനെയും നിയോഗിക്കാറുണ്ട്.

(സി) 2420 കേസുകൾ

വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം

97 (106) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly